സർക്കുലർ

26 /NSS/DHSE/2016 19/02/2016

# ലഹരി വിമുക്ത ക്യാമ്പസ്

യുവതലമുറയെ പുകയില ഉൽപന്നങ്ങളുടെയും ലഹരി പദാർത്ഥങ്ങളുടെയും സ്വാധീന വലയത്തിൽ നിന്നും രക്ഷപ്പെടുത്താൻ അടുത്ത അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ''കാവലാൾ'' ലഹരി വിമുക്ത സേന നിലവിൽ വരും. എൻഎസ്എസ് വോളണ്ടിയർമാരുടെ നേതൃത്വത്തിലാണ് കാവലാൾ ലഹരി വിമുക്തസേന ഹയർ സെക്കണ്ടറി സ്കൂളുകളിൽ രൂപീകരിക്കുക. ഹയർ സെക്കണ്ടറി ഡയറക്ടർ ശ്രീ.കെ.വി.മോഹൻ കുമാർ ഐഎഎസ്സിന്റെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന തല എൻഎസ്എസ് നേതൃത്വയോഗത്തിലാണ് 'കാവലാൾ' ലഹരി വിമുക്ത സേന രൂപീകരിക്കാൻ തീരുമാനമായത്.

പുകയില ഉൽപന്നങ്ങളുടെ ഉപയോഗം നിമിത്തം ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് യുവതലമുറ അടിമപ്പെടുന്നത് ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൗമാര പ്രായക്കാരാണ് പുകയില ഉൽപന്ന കച്ചവടക്കാരുടെ സ്വാധീന വലയത്തിൽ അകപ്പെടുന്നത്.

''കാവലാൾ'' ലഹരി വിമുക്ത സേനയുടെ ചുമതലകൾ

1. വിദ്യാലയ പരിസരങ്ങളിൽ പുകയില/മയക്കുമരുന്ന് എന്നിവ വിൽപന നടത്തുന്ന ഇടങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടു വരിക.
2. ലഹരി വിരുദ്ധ റാലി, പോസ്റ്റർ പ്രദർശനം, തെരുവുനാടകം വിവിധ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
3. പൊതുസ്ഥലങ്ങൾ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ പുകയില/മയക്കുമരുന്ന് എന്നിവ മൂലമുണ്ടാകുന്ന വിപത്ത് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഉതകുന്ന ചുമരെഴുത്തുകൾ നടത്തുക.
4. ഡോക്യുമെന്ററി/ഹ്രസ്വ ചിത്രങ്ങൾ എന്നിവയുടെ പ്രദർശനങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുക.
5. എൻഎസ്എസ് ദത്തെടുത്ത ഗ്രാമങ്ങളിൽ കുടുംബശ്രീ, യുവജനക്ലബ്ബുകൾ, വായനശാലകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ എല്ലാ എൻഎസ്എസ് വോളണ്ടിയർമാരും ലഹരി വിമുക്ത ക്യാമ്പസിനായി പ്രവർത്തിക്കുകയും പുകയില/മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തേണ്ടതുമാണ്. ലഹരി വിമുക്ത ക്യാമ്പസിനായി ചുവടെ ചേർക്കുന്ന രീതിയിൽ ബോർഡ് എല്ലാ സ്കൂളുകളിലും സ്ഥാപിക്കേണ്ടതാണ്. പിടിഎ യുടെയും എൻഎസ് എസ് പ്രോഗ്രാം ഓഫീസർമാരുടെയും വ്യാപാരി വ്യവസായികളുടെയും നേതൃത്വത്തിൽ സ്കൂളിനു ചുറ്റുമുള്ള വ്യാപാര സ്ഥാപനങ്ങളിൽ പുകയില ഉൽപന്നങ്ങളുടെ വിൽപനയ്ക്കെതിരെ ബോധവൽക്കരണം നടത്തേണ്ടതാണ്.

സ്കൂൾ പരിസരത്ത് പുകയില ഉൽപന്നങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപെട്ടാൽ ബന്ധപ്പെട്ട **പോലീസ്/എക്സൈസ് അധികാരികളെ അറിയിക്കേണ്ടതാണ്**.

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്**

" പുകയിലയുടെയും മറ്റു ലഹരി വസ്തുക്കളുടെയും ഉപയോഗം ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്കു കാരണമാകുന്നതിനാൽ അവ പൂർണ്ണമായി ഒഴിവാക്കുക ലഹരി വസ്തുക്കൾ വർജ്ജിക്കാനായി മറ്റുള്ളവരെ പ്രേരിപ്പിക്കുക. സ്കൂൾ ക്യാമ്പസിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്. ലഹരി മുക്ത കേരളത്തിനായി ഓരോ വിദ്യാർത്ഥിയും കാവലാളാകുക".

ഒപ്പ്

ഡയറക്ടർ

.